**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 566** **21-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **'Development of Backwaters Circuit in Alappuzha in Backwater Region as a mega Circuit in Kerala' എന്ന പദ്ധതിക്ക് 12.07.2013ലെ സ. ഉ. (സാധാ.) 5749/2013/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 21 ഘടകങ്ങൾക്കായി മൊത്തം 52.25 കോടി ചെലവ് കണക്കാക്കിയ പദ്ധതിയുടെ കേന്ദ്ര വിഹിതം 47.62 കോടി രൂപയും സംസ്ഥാന വിഹിതം 4.63 കോടി രൂപയുമായിരുന്നു. പദ്ധതിക്കു മുൻകൂർ വിഹിതമായി കേന്ദ്രം 9,52,00,000 രൂപ അനുവദിച്ചിരുന്നു.**<br><br>**വിവിധ കാരണങ്ങളാൽ കേന്ദ്ര സർക്കാർ ഈ പദ്ധതിക്ക് ബാക്കി തുക അനുവദിച്ചില്ല.**<br><br>**14.12.2015ൽ ടൂറിസം മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പദ്ധതിക്കു ചെലഴിച്ച തുക ടൂറിസം വകുപ്പിൽ നിന്ന് ഏജൻസികൾക്കു നൽകാൻ തീരുമാനിച്ചു. 21 ഘടകങ്ങളിൽ 2 എണ്ണം ഒഴിവാക്കി ബാക്കി 19 പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കി. ഇവയുടെ വിശദാംശം ഇപ്രകാരമാണ്:**<br><br>**<u>പൂർത്തിയാക്കിയ പദ്ധതികൾ:</u>**<br><br>**1. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് അരൂക്കുറ്റി**<br><br>**2. കഞ്ഞിപ്പാടം ഹൗസ് ബോട്ട് ടെർമിനൽ**<br><br>**3. നൈറ്റ് ഹാൾട്ട് ടെർമിനൽ അറ്റ് കരുമാടി വിളക്കുമരം**<br><br>**4. മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് അറ്റ് തഴപ്പ്** |

| | | | |
|---|---|---|---|
| | | | **5. മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് അറ്റ് വയ്യാങ്കരചിറ**<br><br>**6. മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് അറ്റ് കുതിരവട്ടംചിറ**<br><br>**7. ഇംപ്രൂവ്മെന്റ് ഓഫ് വാടെ കനാൽ ആൻഡ് കൊമേർഷ്യൽ കനാൽ**<br><br>**8. ആലപ്പുഴ ഹെറിറ്റേജ് ബിൽഡിംഗ് ആൻഡ് സ്ട്രീറ്റ്സ് ഡവലപ്മെന്റ് ആസ് എ ടൂറിസം പാക്കേജ്**<br><br>**9. ഡവലപ്മെന്റ് ഓഫ് വിജയാ പാർക്ക്**<br><br>**10. ഡലപ്മെന്റ് ഓഫ് സീ വ്യൂ പാർക്ക്**<br><br>**11. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് തണ്ണീർമുക്കം**<br><br>**12. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് നെടുമുടി**<br><br>**13. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് തോട്ടപ്പള്ളി**<br><br>**പ്രവർത്തനത്തിന് CRZ അനുമതി ലഭിക്കാനുള്ളവ :**<br><br>**1. ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് അർത്തുങ്കൽ**<br><br>**2. ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് തോട്ടപ്പള്ളി**<br><br>**3. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് കായംകുളം**<br><br>**ഇൻലാൻഡ് വാട്ടർ വേ അതോറിറ്റിയുടെ അനുമതി ലഭിക്കേണ്ടത്:**<br><br>**1. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് പള്ളാത്തുരുത്തി**<br><br>**പണി പൂർത്തിയായെങ്കിലും പ്രളയംമൂലം കേടുപാടുകൾ സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമുള്ളത്:**<br><br>**1. നൈറ്റ് ഹാൾട്ട് ടെർമിനൽ അറ്റ് വട്ടക്കായൽ**<br><br>**പൂർത്തിയാക്കാൻ ബാക്കിയുള്ളത്::**<br><br>**1. എസ്റ്റാബ്ളിഷിംഗ് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്സ്, വട്ടക്കായൽ - കരാറുകാരനെ ടെർമിനേറ്റ് ചെയ്തു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പണികഴിപ്പിച്ച പത്തോളം ടെർമിനലുകൾ ഉപയോഗശൂന്യമായിരിക്കുകയാണെന്നും ആയത് സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറിയെന്നതും വസ്തുതയാണോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പദ്ധതിയിലെ 19 ഘടകങ്ങളിൽ 13 എണ്ണം പൂർത്തീകരിച്ചു. ബാക്കി ആറെണ്ണത്തിന്റെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്:<br><br>നിർമാണം പൂർത്തിയായെങ്കിലും ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് അർത്തുങ്കൽ, ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് തോട്ടപ്പള്ളി, ഹൗസ് ബോട്ട് ടെർമിനൽ |

| | | | |
|---|---|---|---|
| | | | അറ്റ് കായംകുളം എന്നിവയ്ക്ക് CRZ അനുമതി ലഭിക്കാനുണ്ട്.<br><br>പള്ളാത്തുരുത്തിയിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമാണം പൂർത്തിയായെങ്കിലും ഇൻലാൻഡ് വാട്ടർ വേ അതോറിട്ടിയുടെ അനുമതി ലഭിച്ചിട്ടില്ല.<br><br>വട്ടക്കായലിലെ നൈറ്റ് ഹാൾട്ട് ടെർമിനൽ പൂർത്തിയായെങ്കിലും പ്രളയത്തെ തുടർന്ന് കേട്ടുപാടുകൾ സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമുണ്ട്.<br><br>വട്ടക്കായലിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണം പൂർത്തിയായിട്ടില്ല. കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിയിലെ 19 ഘടകങ്ങളിൽ 13 എണ്ണം പൂർത്തീകരിച്ചു. ബാക്കി ആറെണ്ണത്തിന്റെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്:<br><br>നിർമാണം പൂർത്തിയായെങ്കിലും ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് അർത്തുങ്കൽ, ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് തോട്ടപ്പള്ളി, ഹൗസ് ബോട്ട് ടെർമിനൽ അറ്റ് കായംകുളം എന്നിവയ്ക്ക് CRZ അനുമതി ലഭിക്കാനുണ്ട്.<br><br>പള്ളാത്തുരുത്തിയിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമാണം പൂർത്തിയായെങ്കിലും ഇൻലാൻഡ് വാട്ടർ വേ അതോറിട്ടിയുടെ അനുമതി ലഭിച്ചിട്ടില്ല.<br><br>വട്ടക്കായലിലെ നൈറ്റ് ഹാൾട്ട് ടെർമിനൽ പൂർത്തിയായെങ്കിലും പ്രളയത്തെ തുടർന്ന് കേട്ടുപാടുകൾ സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമുണ്ട്.<br><br>വട്ടക്കായലിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണം പൂർത്തിയായിട്ടില്ല. കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ